Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

All Kerala Press Release 5.7.2017

**കത്തോലിക്കാസഭയുടെ ആശുപത്രികളിൽ വേതനം പരിഷ്കരിക്കും**

കൊച്ചി: കെസിബിസി ലേബർ കമ്മീഷന്റെയും ഹെൽത്ത് കമ്മീഷന്റെയും കാത്തിലക് ഹോസ്പിറ്റൽ അസോസിയേഷന്റയും ആശുപത്രി ഡയറക്ടർമാരുടെയും സംയുക്തയോഗം കെസിബിസി ലേബർ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. അലക്സ് വടക്കുംതലയുടെ അദ്ധ്യക്ഷതയിൽ 2017 ജൂലൈ 5ന് എറണാകുളം പി ഒ സി യിൽ ചേർന്നു ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ യോഗം വിലയിരുത്തി. ആശുപത്രി ജീവനക്കരുടെ വേതന വർദ്ധനവിനായുള്ള ആവശ്യങ്ങൾ കേരള കത്തോലിക്ക സഭ അനുഭാവപൂർവ്വം കാണുന്നു. നീതിപൂർവ്വകമായ വേതനം അവരുടെ അവകാശമാണ്.

അനുദിനം ഉയർന്നു വരുന്ന ജീവിത ചെലവുകൾ പരിഗണിച്ചു കേരള കത്തോലിക്ക സഭയുടെ ആതുര ശുശ്രൂഷാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനകാർക്ക് ന്യായമായ വേതന വർദ്ധനവ് നല്കുന്നതിന് യോഗം തീരുമാനിച്ചു. നേഴ്സുമാരുടെ കുറഞ്ഞ വേതനം നിശ്ചയിക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളുടെ തീരുമാനങ്ങൾ വൈകുന്നതു മൂലം പുതിയൊരു വേതന സ്കെയിൽ രൂപപ്പെടുത്താൻ നിശ്ചയിച്ചു ഇതിനായി 11 അംഗ കമ്മിറ്റിക്ക് രൂപം നല്കി. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് അനുസരിച്ചുള്ള പുതുക്കിയ വേതനം 2017 ആഗസ്റ്റു മാസം മുതൽ നിലവിൽ വരുന്നതാണ്.

2013 ജനുവരി 1 മുതൽ നഴ്സിംഗ് മേഖലയിൽ നിലവിൽ വന്ന മിനിമം വേതനം സഭയുടെ നേതൃത്വത്തിലുള്ള എല്ലാ ആതുര ശുശ്രൂഷാ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടു്. പല സ്ഥാപനങ്ങളും നിയമാനുസൃത മിനിമം വേതനത്തെക്കാൾ ഉയർന്ന വേതനം നല്കി വരുന്നു്.

കേരളത്തിലെ കത്തോലിക്കാ സഭയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്ന ആതുര ശുശ്രൂഷാ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടെയും നിയമാനുസൃതവും മാതൃകാപരവുമായ നടത്തിപ്പിനായി കെ.സി.ബി.സി രൂപപ്പെടുത്തി നല്കിയിട്ടുള്ള മാനവവിഭവ പരിപാലനനയം എല്ലാ സ്ഥാപനങ്ങളിലും നടപ്പിലാക്കും.

കെ. സി ബി സി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട്, കെ.സി.ബി.സി ലേബർ കമ്മീഷൻ സെക്രട്ടറി ഫാ. ജോർജ്ജ് തോമസ് ,ഹെൽത്ത് കമ്മീഷൻ സെക്രട്ടറി ഫാ. സൈമൺ പള്ളൂപേട്ട, കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യ പ്രസിഡ് ഫാ. തോമസ് വൈക്കത്തുപറമ്പിൽ, കമ്മീഷൻ ജോയിന്റ് സെക്രട്ടറി ശ്രീ. ജോസഫ് ജൂഡ് എന്നിവർ നേതൃത്വം നല്കി.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പി.ഒ.സി.

ഫാ. ജോർജ്ജ് തോമസ്
സെക്രട്ടറി, കെസിബിസി ലേബർ കമ്മീഷൻ

ഫാ. സൈമൺ പള്ളൂപേട്ട
സെക്രട്ടറി, ഹെൽത്ത് കമ്മീഷൻ